**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **13-02-2024 - ൽ മറുപടിയ്ക്ക്**

**കൊട്ടപ്പുറം പാണ്ടിയാട്ട് പുറം പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ കൊട്ടപ്പുറം പാണ്ടിയാട്ട് പുറത്ത് പ്രവർത്തിക്കുന്ന അമൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന് എം.എസ്.എം.ഇ. രജിസ്ട്രേഷൻ എന്നാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) | മെ. അമാൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന സ്ഥാപനത്തിന്, UDYAM – KL09-0031774 നമ്പർ പ്രകാരം 17/07/2023-നാണ് MSME Registration (UDYAM Registration) ലഭിച്ചിട്ടുള്ളത്. |
| (ബി) | ഈ കമ്പനിക്ക് ഏത് തീയതി വരെയാണ് പ്രവർത്തനാനുമതി ഉള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | K-SWIFT കൈപ്പറ്റു സാക്ഷ്യപത്രം നമ്പർ: KLMSME/323/2021 തിയതി: 11/01/2021 പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനാനുമതി 10/01/2024 വരെയാണ്. കേരള MSME ഫെസിലിറ്റേഷൻ ആക്ട് പ്രകാരം കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ കാലാവധി അവസാനിക്കുന്ന തിയതി മുതൽ 6 (ആറ്) മാസത്തിനകം ആവശ്യമായ ലൈസൻസുകൾ സ്ഥാപനം നേടേണ്ടതാണ്. |
| (സി) | പ്രസ്തുത കമ്പനി മലിനീകരണം ഉണ്ടാക്കുന്നതായുള്ള പരാതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത യൂണിറ്റിനെതിരെ പരാതി ഉയർന്ന സാഹചര്യത്തിൽ, 08.06.2023-ൽ ചേർന്ന മലപ്പുറം ജില്ലാ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡിൽ വിഷയം പരിഗണിക്കുകയും, പ്രസ്തുത യൂണിറ്റിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള മലിനീകരണം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തു. ഈ കമ്മറ്റി 12.07.2023-ന് സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 26.07.2023-ന് ചേർന്ന ജില്ലാ ബോർഡ്, ഏതാനും ചില വ്യവസ്ഥകൾ പാലിച്ചുകൊണ്ട് യൂണിറ്റിന് മുന്നോട്ട് പ്രവർത്തിക്കാനുള്ള അനുമതി നല്കിയിരുന്നു.<br><br>ഇതിനിടയിൽ, അമൻ സ്റ്റീൽ ഓ പ്ലാസ്റ്റിനു നല്കിയിട്ടുള്ള എം.എസ്.എം.ഇ അക്ക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ശ്രീ ജമാലുദീൻ പി, ശ്രീ സി. |

| | | | |
|---|---|---|---|
| | | | കെ. അബ്ദുൽ അസീസ് എന്നിവർ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി [WP(C) No.24118/2023] ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിൽ, 11.08.2023-ലെ ഇടക്കാല ഉത്തരവ് പ്രകാരം, ഹർജിക്കാരുടെ അപ്പീൽ പരിഗണിക്കുവാനും, ഉചിതമായ തീരുമാനങ്ങൾ എത്രയും വേഗം എടുക്കുവാനും, കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ചെയർമാനോട്, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു.<br><br>ഇതിനെതുടർന്ന്, 20.10.2023-ന് ചേർന്ന 36-ാമത് സംസ്ഥാന ഏകജാലക ക്ലിയർൻസ് ബോർഡ് യോഗത്തിൽ ഹർജിക്കാരന്റെ വാദം കേൾക്കുകയും, പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യാൻ പ്രത്യേകമായൊരു യോഗം നടത്താമെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെടുകയും ചെയ്തു. ഇതിനെ തുടർന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ഏകജാലക ക്ലിയർൻസ് ബോർഡിന്റെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും (01.01.2024-ലെ G.O.(Rt)No.1/2024/ID പ്രകാരം), പ്രസ്തുത വിഷയം 06.01.2024-ഇൽ ചേർന്ന കമ്മറ്റി യോഗത്തിൽ പരിഗണിക്കുകയും ചെയ്തു.<br><br>ഈ സബ്കമ്മറ്റിയുടെ നിർദ്ദേശപ്രകാരം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരിന്റെ നേതൃത്വത്തിൽ 22.01.2024-ൽ നടത്തിയ സ്ഥലപരിശോധനയിൽ, പ്രസ്തുത യൂണിറ്റ് ഇപ്പോൾ പ്രവർത്തനരഹിതമാണെന്ന് കാണുകയുണ്ടായി. എല്ലാ മെഷിനറികളും, നീക്കം ചെയ്യുകയും, വാടക കെട്ടിടം ഒഴിഞ്ഞു കൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ഈ കമ്പനിക്കെതിരെ പ്രദേശവാസികൾ നൽകിയ ഹർജിയിൽ ഏതെങ്കിലും കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | അമൻ സ്റ്റീൽ ഓ പ്ലാസ്റ്റിനു നല്കിയിട്ടുള്ള എം.എസ്.എം.ഇ അക്ക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ശ്രീ ജമാലുദീൻ പി, ശ്രീ സി. കെ. അബ്ദുൽ അസീസ് എന്നിവർ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി [(WP(C) No. 24118/2023] ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിൽ, ഹർജിക്കാരുടെ അപ്പീൽ പരിഗണിക്കുവാനും, ഉചിതമായ തീരുമാനങ്ങൾ എത്രയും വേഗം എടുക്കുവാനും, കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് ചെയർമാന്, 11.08.2023-ലെ ഇടക്കാല ഉത്തരവിലൂടെ, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശവും നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലൂടെ നൽകിയ |

| | | | |
|---|---|---|---|
| | | | നിർദേശങ്ങൾ കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് നടപ്പിലാക്കുന്നു. |
| (ഇ) | പ്രസ്തുത കമ്പനി ഇപ്പോൾ പ്രവർത്തനം നിർത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഇ) | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് കാണുന്നു. പ്രത്യേകം പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ